# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3517 – 20/06/2019 - ലെ മറുപടിക്ക്

### പ്രളയാനന്തര പുനർനിർമ്മാണത്തിനായി സമാഹരിച്ച തുക

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ.സി.ജോസഫ്** **പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ കരകയറ്റുന്നതിന് കേന്ദ്രസർക്കാർ, വിദേശ സഹായ ഏജൻസികൾ എന്നിവയിൽ നിന്നും ഇതിനകം ലഭിച്ച സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് ചില വിദേശ രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ആയത് സ്വീകരിക്കുന്നതിനായി അനുമതി നൽകണമെന്നും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നും അനുകൂല പ്രതികരണം ലഭ്യമായിട്ടില്ല.<br>ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യപ്പെടുകയും ആയതിന്മേൽ |
| (ബി) | RIDF, NDA, HUDCO എന്നിവിടങ്ങളിൽ നിന്നും ഇതിനകം ലഭിച്ച സാമ്പത്തികസഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | |
| (സി) | ലോകബാങ്ക് പദ്ധതികളിൽ ഇതുവരെ ചെലവഴിക്കാത്ത തുക പുനർനിർമ്മാണത്തിന് ഉപയോഗിക്കുവാൻ കേന്ദ്രസർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്ത് തുക ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; | |

| | | |
|---|---|---|
| | | ലോകബാങ്കിന്റെ പ്രൊപ്പോസൽ പ്രകാരം പ്രസ്തുത തുക ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പ് നോ ഒബ്ജക്ഷൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കു മേൽ ചുമത്തുന്ന ജി.എസ്.ടി യ്ക്ക് മേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചതിൽ വിതരണ വിലയിന്മേൽ ഒരു ശതമാനം സെസ് ചുമത്തുവാൻ അനുമതി ലഭിച്ചു ആയത് പ്രോസസ്സിങ്ങിൽ ആണ്. ദേശീയ ദുരന്ത നിവാരണ പ്രതികരണ നിധിയിൽ നിന്നും 2904.85 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.<br>കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം 1541.14 കോടി ഉൾപ്പെടെ) വികസന നയവായ്പ (DPL) അനുവദിക്കുന്നതിനുള്ള സന്നദ്ധത ലോക ബാങ്ക് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വായ്പയിൽ 1750 കോടി രൂപ അനുവദിക്കുന്നതിനുള്ള അന്തിമഘട്ട ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ, ജർമൻ ബാങ്കായ KfW ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികളും പുരോഗമിക്കുന്നു. |
| (ഡി) | 2018-19 ലെ പദ്ധതി വിഹിതം വെട്ടിക്കുറച്ചതിലൂടെ എന്ത് തുക സമാഹരിക്കുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ; | 1680.04 കോടി രൂപ സേവിംഗ്സ് ആയി കിട്ടിയിട്ടുണ്ട്. |
| (ഇ) | പ്രളയത്തോടനുബന്ധിച്ച് സാലറി | പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ |

| | | |
|---|---|---|
| | ചലഞ്ചിലൂടെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സംഭാവനയായും 15.5.2019 വരെ എന്ത് തുക ലഭിച്ചുവെന്ന് അറിയിക്കാമോ; | ദുരിതാശ്വാസനിധിയിലേയ്ക്ക് മൊത്തം (15/05/2019വരെ) 4087.98 കോടി രൂപ ലഭ്യമായിട്ടുണ്ട്. ഇതിൽ 1019.53 കോടി രൂപ സലറി ചലഞ്ച് മുഖേന ലഭ്യമായിട്ടുള്ളതാണ്. |
| (എഫ്) | ഇപ്രകാരം ലഭിച്ച തുകയിൽ നിന്നും പ്രളയാനന്തര പുനരുദ്ധാരണ പ്രവൃത്തികൾക്കും ധനസഹായ ഇനത്തിലും എന്ത് തുക ഇതുവരെ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ? | പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭ്യമായ തുകയിൽ നിന്ന് (15/06/2019വരെ) 1918.17 കോടി രൂപ പുനരുദ്ധാരണ പ്രവൃത്തികൾക്കും ധനസഹായ ഇനത്തിലും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**